English | മലയാളം

NYC Mayor's Office of Immigrant Affairs

# ന്യൂയോർക്കിലെ കുടിയേറ്റക്കാർക്കുള്ള സഹായ വിവരങ്ങൾ

## നിങ്ങളുടെ കുടിയേറ്റ പദവി എന്തുതന്നെയായാലും, സഹായത്തിനായി ന്യൂയോർക്ക് സിറ്റി ഒപ്പമുണ്ട്.

### കുടിയേറ്റ നിയമ സഹായം

**സൗജന്യവും സുരക്ഷിതവുമായ കുടിയേറ്റ നിയമ സഹായത്തിനായി, തിങ്കൾ മുതൽ വെള്ളി വരെ, 9AM മുതൽ 6PM വരെ, 800-354-0365**-ൽ വിളിക്കുക.

### ന്യൂയോർക്ക് സിറ്റി തിരിച്ചറിയൽ കാർഡ്

**IDNYC-ക്കായി അപേക്ഷിക്കുക**, 10 വയസ്സും അതിൽ കൂടുതലുമുള്ള എല്ലാ ന്യൂയോർക്ക് സിറ്റി നിവാസികൾക്കുമുള്ള സൗജന്യ മുനിസിപ്പൽ തിരിച്ചറിയൽ കാർഡാണിത്. ഓൺലൈനായി പുതുക്കുന്നതിനോ ചേരുന്നതിനുള്ള അപ്പോയിന്റ്മെന്റ് എടുക്കുന്നതിനോ, **311-ൽ വിളിക്കുക** അല്ലെങ്കിൽ **nyc.gov/idnyc** സന്ദർശിക്കുക

### ഇംഗ്ലീഷ് ക്ലാസുകൾ

എപ്പോൾ വേണമെങ്കിലും, എവിടെനിന്നും **സൗജന്യ ഇംഗ്ലീഷ്** ക്ലാസുകളിൽ പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **wespeaknyc.cityofnewyork.us** സന്ദർശിക്കുക.

### ആരോഗ്യപരിപാലനം

**NYC Health + Hospitals (H+H)-ന്** അടിയന്തര ചികിത്സ, അടിസ്ഥാന ആരോഗ്യ പരിചരണം, പരിശോധനകൾ, പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയും മറ്റും നൽകാൻ കഴിയും. **നിങ്ങളുടെ ഏറ്റവും അടുത്തുള്ള കേന്ദ്രത്തിലേക്ക് ബന്ധപ്പെടാൻ, 1-844-NYC-4NYC (1-844-692-4692)-ൽ വിളിക്കുക. NYC Care** പ്രോഗ്രാം ഉൾപ്പെടെയുള്ള ആരോഗ്യ ഇൻഷുറൻസ് പ്ലാനുകളിൽ ചേരുന്നതിന്, **646-NYC-CARE(646-692-2273)**-ൽ വിളിക്കുക അല്ലെങ്കിൽ **nyccare.nyc സന്ദർശിക്കുക**

### മാനസികാരോഗ്യം

രഹസ്യസ്വഭാവമുള്ള പിന്തുണയ്ക്കും, മാനസികാരോഗ്യ പരിചരണം, ലഹരിവസ്തുക്കളുടെ ഉപയോഗവുമായി ബന്ധപ്പെട്ട സഹായങ്ങൾ എന്നിവ ലഭിക്കുന്നതിനും **888-692-9355 അല്ലെങ്കിൽ 988** എന്നതിൽ വിളിക്കുക, അല്ലെങ്കിൽ **WELL എന്ന് 65173-ലേക്ക് ടെക്സ്റ്റ് ചെയ്യുക.** ന്യൂയോർക്ക് സിറ്റിയിലെ മാനസികാരോഗ്യ സേവനങ്ങളെക്കുറിച്ചുള്ള ബഹുഭാഷാ വിവരങ്ങൾക്കായി ന്യൂയോർക്കുകാർക്ക് **nyc.gov/mentalhealthaccess** സന്ദർശിക്കാം, അല്ലെങ്കിൽ മാനസികാരോഗ്യ സേവനങ്ങൾ കണ്ടെത്തുന്നതിന് **nyc.gov/mentalhealthservices**-ൽ ന്യൂയോർക്ക് സിറ്റിയുടെ 988 ഓൺലൈൻ ഡയറക്ടറി ഉപയോഗിക്കാം.

### അടിയന്തര സാഹചര്യങ്ങൾ

**അടിയന്തര ഘട്ടങ്ങളിൽ 911-ൽ വിളിക്കുക.** പോലീസ്, ഫയർ ഡിപ്പാർട്ട്മെന്റ് അല്ലെങ്കിൽ ആംബുലൻസ് എന്നിവയിൽ നിന്നുള്ള സഹായം ഉടനടി ആവശ്യമായി വരുന്ന ഏത് സാഹചര്യവുമാണ് അടിയന്തര സാഹചര്യം. **നിയമപ്രകാരം, കുറ്റകൃത്യങ്ങൾക്ക് ഇരയായവർ, സാക്ഷികൾ, അല്ലെങ്കിൽ സഹായം അഭ്യർത്ഥിക്കുന്ന മറ്റ് വ്യക്തികൾ എന്നിവരുടെ കുടിയേറ്റ പദവിയെക്കുറിച്ച് ചോദിക്കാൻ ന്യൂയോർക്ക് സിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന് (New York City Police Department) അധികാരമില്ല.**

### പൊതുവിദ്യാഭ്യാസം

**4 മുതൽ 21 വയസ് വരെ പ്രായമുള്ള ന്യൂയോർക്ക് സിറ്റിയിലെ എല്ലാ കുട്ടികൾക്കും പബ്ലിക് സ്കൂളിൽ പഠിക്കാം.** പേര് ചേർക്കുന്നതിന്, **schools.nyc.gov/fwc സന്ദർശിക്കുക** അല്ലെങ്കിൽ **311-ൽ വിളിക്കുക.**

### നഗരസഭയുടെ പൊതുവായ സേവനങ്ങളും വിവരങ്ങളും

നഗരസഭയുടെ സേവനങ്ങൾ ആവശ്യമുണ്ടോ അതോ എന്തെങ്കിലും പരാതി അറിയിക്കാനുണ്ടോ? **311**-ൽ വിളിക്കുക അല്ലെങ്കിൽ **portal.311.nyc.gov** സന്ദർശിക്കുക

### ന്യൂയോർക്ക് സിറ്റി കുടിയേറ്റ കാര്യ ഹോട്ട്ലൈൻ

**ഞങ്ങളുടെ ഹോട്ട്ലൈനായ 212-788-7654**-ൽ തിങ്കൾ മുതൽ വെള്ളി വരെ, 9AM മുതൽ 5PM വരെ, വിളിക്കുക, അല്ലെങ്കിൽ **askmoia@cityhall.nyc.gov എന്ന വിലാസത്തിൽ ഇമെയിൽ അയയ്ക്കുക**

English | മലയാളം

NYC Mayor's Office of Immigrant Affairs

# ന്യൂയോർക്കിലെ കുടിയേറ്റക്കാർക്കുള്ള സഹായ വിവരങ്ങൾ

## നിങ്ങളുടെ കുടിയേറ്റ പദവി എന്തുതന്നെയായാലും, നിങ്ങൾക്ക് അവകാശങ്ങളുണ്ട്.

### കുടിയേറ്റ തട്ടിപ്പുകൾ ഒഴിവാക്കുക

നിങ്ങൾക്ക് കുടിയേറ്റ നിയമ ഉപദേശം ആവശ്യമുണ്ടെങ്കിൽ, ലൈസൻസുള്ള ഒരു അഭിഭാഷകനോടോ നീതിന്യായ വകുപ്പ് (Department of Justice, DOJ) അംഗീകൃത പ്രതിനിധിയോടോ മാത്രം സംസാരിക്കുക. അംഗീകൃത സേവന ദാതാക്കളുടെ ലിസ്റ്റ് **nyc.gov/immigrationfraud**-ൽ ലഭ്യമാണ്.

### കുടിയേറ്റ നിയമ നടപടികളുമായി ബന്ധപ്പെട്ട അവകാശങ്ങൾ

ന്യൂയോർക്ക് സിറ്റി കുടിയേറ്റ നിയമ നടപടികൾ നടപ്പിലാക്കുന്നില്ല. ഫെഡറൽ കുടിയേറ്റ നിയമ ഉദ്യോഗസ്ഥർ നിങ്ങളെ സമീപിക്കുകയാണെങ്കിൽ, നിങ്ങൾക്ക് ചില അവകാശങ്ങളുണ്ട്. **nyc.gov/knowyourrights സന്ദർശിക്കുക** അല്ലെങ്കിൽ ഞങ്ങളുടെ സൗജന്യ കുടിയേറ്റ നിയമ ഹോട്ട്ലൈനായ **800-354-0365**-ൽ വിളിക്കുക

### തൊഴിലവകാശങ്ങൾ

ന്യൂയോർക്ക് സിറ്റി നിയമപ്രകാരം ശമ്പളത്തോടുകൂടിയ രോഗാവധി, കുറഞ്ഞ വേതനം, ഓവർടൈം വേതനം എന്നിവയ്ക്കും മറ്റുമുള്ള അവകാശം നിങ്ങൾക്കുണ്ട്. വിവരങ്ങൾക്ക് **nyc.gov/workers** സന്ദർശിക്കുക അല്ലെങ്കിൽ **212-436-0380**-ൽ വിളിക്കുക

### വിവേചനം റിപ്പോർട്ട് ചെയ്യുക

ന്യൂയോർക്ക് സിറ്റി മനുഷ്യാവകാശ നിയമപ്രകാരം ഉപദ്രവിക്കലും വിവേചനവും നിയമവിരുദ്ധമാണ്. വിവേചനം റിപ്പോർട്ട് ചെയ്യുന്നതിന്, ദയവായി **212-416-0197**-ൽ വിളിക്കുക അല്ലെങ്കിൽ **nyc.gov/reportdiscrimination** സന്ദർശിക്കുക

### ഗാർഹിക പീഡനത്തിനെതിരായ സംരക്ഷണങ്ങൾ

നിങ്ങൾ പീഡനം അനുഭവിക്കുന്നുണ്ടെങ്കിൽ നിങ്ങളെ സഹായിക്കാൻ ന്യൂയോർക്ക് സിറ്റി സജ്ജമാണ്. നിങ്ങൾക്ക് **nyc.gov/nychope** സന്ദർശിക്കുകയോ ന്യൂയോർക്ക് സിറ്റിയുടെ ഗാർഹിക പീഡന ഹോട്ട്ലൈനിൽ **800-621-HOPE**-ൽ വിളിക്കുകയോ ചെയ്യാം

### വാടകക്കാരുടെ അവകാശങ്ങൾ

കുടിയൊഴിപ്പിക്കലുമായോ വീട്ടുടമസ്ഥനുമായോ ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നങ്ങളിൽ സഹായം ആവശ്യമുണ്ടോ? സൗജന്യ നിയമ സഹായത്തിനായി **nyc.gov/tenantprotection** സന്ദർശിക്കുക അല്ലെങ്കിൽ **311**-ൽ വിളിച്ച് **"tenant helpline"** (വാടകക്കാർക്കുള്ള ഹെൽപ്പ് ലൈൻ) എന്ന് പറയുക

### അഭയത്തിനുള്ള അവകാശം

നിങ്ങൾ ഭവനരഹിതരാണെങ്കിൽ അഭയകേന്ദ്രം (shelter) ആവശ്യപ്പെടാൻ നിങ്ങൾക്ക് അവകാശമുണ്ട്. ഷെൽറ്റർ സേവനങ്ങൾ ലഭിക്കുന്നതിനായി, നിർദ്ദിഷ്ട ഭവനരഹിതരുടെ സേവന വിഭാഗം (Department of Homeless Services, DHS) ഇൻടേക്ക് സെന്റർ സന്ദർശിക്കുക. കൂടുതൽ അറിയാൻ **311**-ൽ വിളിക്കുക

### ഉപഭോക്തൃ സംരക്ഷണം

ഏതെങ്കിലും വ്യാപാര സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങളുണ്ടോ? ഒരു ഉപഭോക്താവെന്ന നിലയിൽ, നിങ്ങൾക്ക് അവകാശങ്ങളുണ്ട്. പരാതി നൽകുന്നതിന് **nyc.gov/consumers** സന്ദർശിക്കുക അല്ലെങ്കിൽ **311**-ൽ വിളിക്കുക